ശ്രീ. സി. അച്യുതമേനോൻ: ആ വിവരം ഇതിലില്ല.

ശ്രീ. കെ. കുഞ്ഞാമു: ഇവരെ ജയിലിൽ അയച്ചാൽ ജയിലിനകത്തുവച്ചും പാക്കറാടിക്കുന്നുണ്ട്. അങ്ങനെ ജയിലിനകത്തുവച്ച് പാക്കറാടിച്ചാൽ ഇവർക്ക് എന്തു ശിക്ഷകൊടുക്കും?

(ഉത്തരം ഇല്ല)

കൊട്ടക്കാറനമൂലം ഉണ്ടായ ഭവനനാശവും, കൃഷിനാശവും.

* 1772. [19] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 മേയ് മാസം 10-ാംതീയതി കുന്നത്തുനാട് താലൂക്കിൽ കിഴക്കമ്പലം, കുന്നത്തുനാട് എന്നീ വില്ലേജുകളിൽ ഉണ്ടായ കൊട്ടക്കാറനമൂലം വളരെയധികം ഭവനനാശവും, കൃഷിനാശവും വന്നിട്ടുള്ളതു് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭവനനാശവും, കൃഷിനാശവും വന്നവർക്ക് ആശ്വാസമായി സഹായം നൽകുണമെന്നും എറണാകുളം ഡിസ്ട്രിക്ടറ കളക്ടരോടും ദേവസ്വമെൻറിനോടും പഞ്ചായത്തും, പൊതുജനങ്ങളും അപേക്ഷിച്ചിരുന്നോ;

(സി) അപേക്ഷിച്ചിരുന്നെങ്കിൽ എന്തു തീരുമാനം എടുത്തു;

(ഡി) എത്ര ഭവനനാശങ്ങൾ ഉണ്ടായിട്ടുണ്ട്?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ട്.

(ബി) അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല.

(സി, ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ഒ. ബാവാ: മഴക്കാലം ആരംഭിച്ച് ഇത്രനാളായിട്ടും കഴിഞ്ഞ മാസം പത്താംതീയതിയുണ്ടായ അപകടങ്ങളെപ്പറ്റി അന്വേഷിക്കുവാൻ ഇതേവരെ കഴിയാതെപോയതു് എന്താണെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഈ ചോദ്യം കിട്ടിക്കഴിഞ്ഞതിനു ശേഷമാണ് ദേവസ്വമെൻറിന്റെ ദൃഷ്ടിയിൽ ഈ സംഗതികൾ പെട്ടന്നതു്.

ശ്രീ. കെ. സി. ഏബ്രഹാം: ഓരോ ഡിസ്ട്രിക്ടറിലും എത്ര സംഖ്യവീതമാണ് ഇതിലേക്ക കൊടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഓരോ കളക്ടർക്കും ആവശ്യമുള്ള പണം കൊടുക്കാറുണ്ട്. ഈ സംഭവം ഉണ്ടായ ഡിസ്ട്രിക്ടിലെ, അതായതു് കോഴിക്കോട്ടെയും എറണാകുളത്തെയും കളക്ടർമാർ ആവശ്യമുള്ള സംഖ്യ ചെലവാക്കി ദേവസ്വമെൻറിനെ അറിയിച്ചാൽ മതിയാകുന്നതാണ്.

Arrears of Wages due to Mining Workers.

* 1773. [20] **Shri A. Kunjukrishnan**: Will the Minister for Industries be pleased to state:

(a) what is the total amount of arrear wages due to the Mining workers attached to F. X. P. minerals, Chavara from the Labour Contract Society, Karunagapally till date;

(b) whether the Society is prepared to pay off the wages; and

LIBRARY ARCHIVES Kerala Legislative Assembly